# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 826** 07/02/2013 ൽ മറുപടിക്ക്

**കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങി വിതരണം ചെയ്ത മരുന്നുകൾ**

**ചോദ്യം**
ശ്രീ. ഇ. പി. ജയരാജൻ

**മറുപടി**
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന 2010-'11 സാമ്പത്തിക വർഷത്തിലും 2011-2012 സാമ്പത്തിക വർഷത്തിലും ആകെ എത്ര തുകയുടെ മരുന്നുകളാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്; | (എ) | 2010-'11 സാമ്പത്തിക വർഷത്തിൽ 155.46 കോടി രൂപയുടെ മരുന്നുകൾ വാങ്ങിയതിൽ 133.48 കോടി രൂപയുടെ മരുന്നുകളും, 2011-'12 സാമ്പത്തിക വർഷം 176 കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചതിൽ, 173.78 കോടി രൂപയുടെ മരുന്നുകളും ആരോഗ്യ വകുപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റേയും കീഴിലുള്ള ആശുപത്രികളിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | 2012-2013 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര തുകയുടെ മരുന്നുകളാണ് വിതരണം നടത്തുവാനായി വാങ്ങിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ; | (ബി) | 2012-'13 സാമ്പത്തിക വർഷം നാളിതുവരെ 268.17 കോടി രൂപയുടെ മരുന്നുകളാണ് ആശുപത്രികളിൽ വിതരണം ചെയ്യാനായി സംഭരിച്ചത്. |
| (സി) | കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികൾക്ക വിതരണം ചെയ്യുന്നതിനാവശ്യമായ മരുന്ന്കളല്ലാതെ മറ്റെന്തെല്ലാം സാധനങ്ങളും ഉപകരണങ്ങളുമാണ് വാങ്ങുന്നതെന്ന വ്യക്തമാക്കുമോ; | (സി) | കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങിക്കുന്ന മരുന്നുകൾ അല്ലാത്ത സാധനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

(ഡി) 2010-'11 ലും 2011-'12 ലും 2012-13-ൽ നാളിതുവരെയും ഇത്തരം സാധനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) 2010-'11, 2011-'12 സാമ്പത്തിക വർഷങ്ങളിലും 2012-13-ൽ നാളിതുവരെയും കോർപ്പറേഷൻ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക (₹) |
|---|---|---|
| 1 | 2010-11 | 24,41,65,359.00 |
| 2 | 2011-12 | 37,46,55,129.00 |
| 3 | 2012-13 | 41,43,91,247.00 (2013 ജനുവരി 31 വരെ) |

സെക്ഷൻ ഓഫീസർ